ദേശാഭിമാനി

01 July 2020

# മത്തി മറയുന്നു... അയലയും?

**കൊച്ചി**

സാധാരണക്കാരുടെ മീനുകളായ മത്തിയും അയലയും ഓർമയാകുമോ? മത്തിയുടെ ലഭ്യത 20 വർഷത്തെ ഏറ്റവും താഴ്ന്നനിലയിലേക്ക് കൂപ്പുകുത്തിയതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷിക പഠന റിപ്പോർട്ടിൽ പറയുന്നു. അയലയുടെയും ലഭ്യത വലിയതോതിൽ കുറയുകയാണ്.



2018ൽ 77,093 ടൺ മത്തി ലഭിച്ചെങ്കിൽ കഴിഞ്ഞ വർഷം ഇത് 44,320 ടണ്ണായി. 2012ൽ 3.9 ലക്ഷം ടൺ മത്തി ലഭിച്ച സ്ഥാനത്താണിത്. സമുദ്ര ആവാസവ്യവസ്ഥയിലെ മാറ്റങ്ങൾ ദോഷകരമായി ബാധിക്കുന്നതിനാൽ സംസ്ഥാനത്ത് മത്തി കുറയുമെന്ന് സിഎംഎഫ്ആർഐ മുന്നറിയിപ്പ് നൽകിയിരുന്നു. കേരളീയരുടെ മറ്റൊരു ഇഷ്ട മീനായ അയലയുടെ ലഭ്യത 50 ശതമാനം കുറഞ്ഞ് 40,554 ടണ്ണായി. 2018ൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ലഭിച്ചത് അയലയായിരുന്നു. രാജ്യത്താകെ അയലയുടെ ലഭ്യതയിൽ ഗണ്യമായ കുറവുണ്ടെന്നും കഴിഞ്ഞവർഷം സംസ്ഥാനത്ത് ആകെ ലഭിച്ച മീനിന്റെ അളവിൽ 15.4 ശതമാനം കുറവുണ്ടെന്നും സിഎംഎഫ്ആർഐ റിപ്പോർട്ട് പറയുന്നു. കൊഴുവയാണ് കഴിഞ്ഞ വർഷം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കിട്ടിയത്.

അതേസമയം, രാജ്യത്തെ സമുദ്രമത്സ്യോൽപ്പാദനത്തിൽ കേരളം മൂന്നാം സ്ഥാനം നിലനിർത്തി. തമിഴ്നാടും ഗുജറാത്തുമാണ് ആദ്യ രണ്ട് സ്ഥാനത്ത്. രാജ്യത്തെ മൊത്തം സമുദ്രമത്സ്യോൽപ്പാദനത്തിൽ 2.1 ശതമാനത്തിന്റെ വർധനയുണ്ട്. കഴിഞ്ഞ വർഷം ഇന്ത്യയിലാകെ 35.6 ലക്ഷം ടൺ മീൻ ലഭിച്ചു. രാജ്യത്തെ ചില്ലറ വ്യാപാര കേന്ദ്രങ്ങളിൽ 92,356 കോടി രൂപയുടെയും സംസ്ഥാനത്ത് 17,515 കോടി രൂപയുടെയും മീൻ വിൽപ്പന നടത്തി.

സിഎംഎഫ്ആർഐയിലെ ഫിഷറി റിസോഴ്സസ് അസസ്മെന്റ് വിഭാഗമാണ് കണക്കുകൾ തയ്യാറാക്കിയത്. ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, ഡോ. ടി വി സത്യാനന്ദൻ, ഡോ. പ്രതിഭ രോഹിത്, ഡോ. പി യു സക്കറിയ, ഡോ. പി ലക്ഷ്മിലത, ഡോ. ഇ എം അബ്ദുസമദ്, ഡോ. ജോസിലിൻ ജോസ്, ഡോ. ആർ നാരായണകുമാർ, ഡോ. സി രാമചന്ദ്രൻ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.